പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1461 **16-10-2026-ൽ മറുപടിയ്ക്ക്**

വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മനോജ് മൂത്തേടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക ഫാമുകളിൽ പുതിയ തലമുറയ്ക്ക് കൃഷിയുമായി ബന്ധപ്പെട്ട അറിവിന്റെ പാഠങ്ങൾ പകർന്നു കൊടുക്കുന്ന ഒരു കേന്ദ്രമാക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകളെ പരമ്പരാഗത കൃഷിയിടങ്ങൾ എന്ന നിലയിൽ മാത്രം കാണാതെ, വിദ്യാർഥികൾക്കും, യുവജനങ്ങൾക്കും, കർഷകർക്കും, പൊതുജനങ്ങൾക്കും കൃഷി നേരിട്ടറിഞ്ഞ് പഠിക്കാവുന്ന സജീവ കാർഷിക വിജ്ഞാനകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചില ഫാമുകളിൽ നടത്തി വരുന്നു. അവ മറ്റു ഫാമുകളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) കാർഷിക രംഗത്ത് യുവജനതയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കാർഷിക ഫാമുകളിൽ വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: യുവജനങ്ങളെയും വിദ്യാർത്ഥികളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, കൃഷിയോടുള്ള താൽപര്യം വർധിപ്പിക്കുക, ആധുനിക കാർഷിക സാങ്കേതിക വിദ്യകളെക്കുറിച്ച് പ്രായോഗിക അറിവ് നൽകുക, കാർഷിക സംരംഭകത്വം പ്രോത് സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് നിലവിൽ സർക്കാർ നടപ്പിലാക്കി വരുന്ന ഫാം ടൂറിസം പദ്ധതിയിൽ, വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതി കൂടി (Educational Farm Tourism Programme) ഉൾപ്പെടുത്താവുന്നതും, പ്രസ്തുത പദ്ധതിയ്ക്കായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതുമാണ്. ഇതിലൂടെ ഫാം സന്ദർശനം ഒരു പഠനാനുഭവം എന്നതിലുപരി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അവസരമായും മാറും.

പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുക : പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്നതിനായി വിത്ത് സംസ്കരണം, തൈ ഉൽപാദനം, ഡ്രിപ്പ് ഇറിഗേഷൻ, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി തുടങ്ങിയ സാങ്കേതികവിദ്യകളുടെ പരിചയപ്പെടുത്തൽ, കാർഷിക യന്ത്രങ്ങളുടെയും ഡ്രോണുകളുടെയും സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച പ്രദർശനങ്ങൾ, വിളവെടുപ്പ്, മൂല്യവർധന എന്നിവയിൽ പരിശീലനം, ജൈവവള നിർമാണം, കമ്പോസ്റ്റിങ്, മഴ വെള്ള സംഭരണം എന്നിവയുടെ പ്രായോഗിക അവതരണം തുടങ്ങിയവ നടപ്പാക്കുന്നത് യുവജനങ്ങളിൽ കൃഷിയെക്കുറിച്ചുള്ള പ്രായോഗിക പരിജ്ഞാനം വർധിപ്പിക്കുന്നതിനും, കാർഷിക സംരംഭങ്ങൾ ആരംഭിക്കാനുള്ള ആത്മവിശ്വാസം വളർത്തുന്നതിനും സഹായിക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിക്കുക: വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതിയുടെ പ്രയോജനം കൂടുതൽ വിദ്യാർഥികളിലേക്ക് എത്തിക്കുന്നതിന് കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പുമായി ഔദ്യോഗിക സഹകരണം ഉറപ്പാക്കിക്കൊണ്ട് വിദ്യാഥികൾക്ക് പാഠ്യപദ്ധതിയുമായി ബന്ധിപ്പിച്ചുള്ള ഫാം സന്ദർശനങ്ങൾ സംഘടിപ്പക്കാവുന്നതാണ്. വിദ്യാർഥികൾക്ക് സന്ദർശനശേഷം പ്രോജക്ടുകൾ, കാർഷിക പഠന റിപ്പോർട്ടുകൾ, നൂതന ആശയങ്ങൾ എന്നിവ അവതരിപ്പിക്കാനുള്ള അവസരം നൽകാവുന്നതാണ്.

യുവ കാർഷിക സംരംഭകരെ വളർത്തിയെടുക്കുക: വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതി നടപ്പാക്കുക വഴി യുവകാർഷിക സംരംഭകരെ വളർത്തിയെടുക്കുവാനും സാധിക്കുന്നതാണ്. ഇതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഫാമുകളിൽ നടത്താവുന്നതാണ്.

- കൃഷിയെ അടിസ്ഥാനമാക്കിയുള്ള ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകുക.
- ക്ലൗഡ്കൃഷി, തേനീച്ച വളർത്തൽ, നഴ്സറി നടത്തിപ്പ്, പച്ചക്കറി തൈ ഉൽപാദനം, ഹൈടെക് കൃഷി, ജൈവ വള നിർമാണം തുടങ്ങിയ മേഖലകൾ പരിചയപ്പെടുത്തുക.
- കാർഷിക ഉൽപന്നങ്ങളുടെ സംസ്കരണം, പാക്കേജിങ്, ബ്രാൻഡിങ്, ഡിജിറ്റൽ വിപണനം എന്നിവയിൽ പരിശീലനം നൽകുക.
- കാർഷിക സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ബന്ധപ്പെട്ട വകുപ്പുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായം ലഭ്യമാക്കുക.
- വിജയകരമായ യുവ കാർഷിക സംരംഭകരുമായി സംവാദങ്ങൾ സംഘടിപ്പിക്കുക.
- പരിശീലനം പൂർത്തിയാക്കുന്ന യുവജനങ്ങൾക്ക് അനുയോജ്യമായ തുടർപരിശീലനവും സാങ്കേതിക മാർഗ നിർദേശവും ഉറപ്പാക്കുക.

സെക്ഷൻ ഓഫീസർ